(എ) ഹാന്റ്ലൂം സിൽക്കിന് റിബേറ്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കാമോ;

(ബി) വർഷം മുഴുവൻ കൈത്തറി സിൽക്കിന് റിബേറ്റുണ്ടോ;

(സി) സംഘടിത യന്ത്രവൽകൃത സിൽക്ക് വ്യവസായവുമായി മത്സരിക്കുന്ന കൈത്തറി സിൽക്ക് തുണിക്ക് വർഷം മുഴുവൻ റിബേറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈത്തറി മേഖലയിൽ സിൽക്ക് ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന റിബേറ്റും മാർക്കറ്റിംഗ് ഇൻസെന്റീവും സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്കും ഹാൻവീവിനും നൽകിവരുന്നുണ്ട്. നിശ്ചിത ദിവസങ്ങളിൽ മാത്രമായി റിബേറ്റ് 20 ശതമാനവും 2004-2005-ൽ മാർക്കറ്റിംഗ് ഇൻസെന്റീവ് 4 ശതമാനവുമാണ് ഹാന്റക്സിനും ഹാൻവീവിനും നൽകുന്നത്.

(ബി) ഇല്ല.

(സി) കൈത്തറി സിൽക്ക് വസ്ത്രങ്ങൾക്ക് മാത്രമായി വർഷം മുഴുവനും റിബേറ്റ് നൽകുക പ്രായോഗികമല്ല.

കൈത്തറി മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി പുതിയ പദ്ധതി

24 [3463] *ശ്രീ. വി. ജെ. പൗലോസ്*:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എം. ഹസ്സൻ:

,, *വർക്കല കഹാർ*:

,, *എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(ബി) ഇവരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 61683 തൊഴിലാളികൾ പണിയെടുക്കുന്നു.

(ബി) കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തനായി താഴെ പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(i) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലയിൽ ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്പ്മെന്റ് സ്കീം.

(ii) കണ്ണൂർ ജില്ലയിലെ 3000 നെയ്ത്ത് തൊഴിലാളികൾക്ക് പ്രയോജനം ചെയ്യുന്ന 11.08 കോടി രൂപയുടെ എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ.

(iii) കണ്ണൂർ ജില്ലയെ സെന്റർ ഫോർ എക്സലന്റ്സ് ഫോർ ഹാന്റ്ലൂം എക്സ്പോർട്ടായി പ്രഖ്യാപിച്ചതിനെ തുടർന്ന് ടെക്സ്റ്റൈൽ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾക്ക് രൂപം നൽകി വരുന്നു.

(iv) കോഴിക്കോട് ജില്ലയിൽ, എസ്.ജി.എസ്.വൈ. സ്കീം നടപ്പാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഡിസൈൻ, ചെന്നൈ തയ്യാറാക്കി വരുന്നു.

(v) പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ നെയ്ത്തുകാരെ ലക്ഷ്യമാക്കി എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ടിനുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(vi) തിരുവനന്തപുരം ജില്ലയിലെ 4000 നെയ്ത്തുകാരുടെ ഉന്നമനം 14.64 കോടി രൂപയുടെ 'തനിമ' എന്ന പേരിൽ തയ്യാറാക്കിയ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(vii) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡി.ഡി.എച്ച്.പി.വൈ. പദ്ധതി പ്രകാരം ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly